**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-8/838/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*
തീയതി. 15.10.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

പെരുവന്താനം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- പെരുവന്താനം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

****************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പെരുവന്താനം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം – 1, ഭാഗം - 3** എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ്** : 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-8/838/2019 തീയതി : 15.10.2019

## ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

*****************************

ഇടുക്കി ജില്ലയിലെ **പെരുവന്താനം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **22.09.2018** മുതൽ **26.08.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **13** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **5** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ** | ശ്രീമതി. ബേബി സന്ധ്യ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 27-08-2019 മുതൽ 03-09-2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റ്റി. എസ്. ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വി. ജി. സജിമോൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. കെ. അഭിലാഷ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എ. ഷിനിത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ കെ. റ്റി. ബിനു | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. റ്റിജി തോമസ് | 01.04.2018 മുതൽ 31.03.2019വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **അസി. സെക്രട്ടറി** | ശ്രീമതി കെ.കെ. സിന്ധുമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| **അസി. എഞ്ചിനിയർ** | ശ്രീ. ഡി.കെ. ദിനേഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീമതി. സൗമ്യ സണ്ണി | 01.04.2018 മുതൽ 18.08.2018 വരെ |
| | ശ്രീ. സജോമോൻ ജോസഫ് | 19.08.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. കെ.ജി. സരിതാമോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആരോഗ്യം)** | ഡോ. അഫ് സൽ അസീസ് | 01.04.2018 മുതൽ 02.05.2018 വരെ |
| | ഡോ. ദീപ്തി എസ്. ബാല | 03.05.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവേദം)** | ഡോ. എം. വി. അനുപമ | 01.04.2018 മുതൽ 17.07.2018 വരെ |
| | ഡോ. സി.എം. ഹരിമോഹൻ | 18.07.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | ഡോ റിഷ്മ ആർ. സുന്ദരം | 01.04.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. ജോസ് ഇ. ഫിലിപ്പ് | 01.04.2018 മുതൽ 31.03.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | ശ്രീമതി. ഷിംജ ബഷീർ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| **ഗ്രാമസേവകൻ** | ശ്രീമതി. പി.ആർ. രേണു | 01.04.2018 മുതൽ 27.01.2019 വരെ |
| | ശ്രീ. റ്റി. ത്യാഗരാജൻ | 28.01.2019 മുതൽ 29.01.2019 വരെ |
| | ശ്രീ. പി.ആർ. രതീഷ് | 30.01.2019 മുതൽ 31.03.2019 വരെ |
| **ഹെഡ് മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ** | ശ്രീ. റോയി മോൻ മാത്യൂ | 01.04.2018മുതൽ 11.10.2018 വരെ |
| | ശ്രീമതി. റ്റി. എ സരസ്വതിയമ്മ | 12.10.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡികകൾ |
|---|---|---|
| | | **ഭാഗം – 1 (ഓഡിറ്റ് റിപ്പോർട്ട്)** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | തൊഴിൽനികുതി പിരിവിലെ അപാകതകൾ |

| | | |
|---|---|---|
| 13 | 1-13 | ഡി. ആന്റ് ഒ. ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ |
| 14 | 1-14 | വസ്തുനികുതി ഈടാക്കിയിട്ടില്ല - വരുമാനം നഷ്ടമാകുന്നു |
| 15 | 1-15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല |
| 16 | 1-16 | നിയമ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച – ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം ലഭിച്ചില്ല |
| 17 | 1-17 | രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 18 | 1-18 | സ്കൂൾ കോമ്പൗണ്ടിലുള്ള ആഞ്ഞിലി മരം ലേലം നടത്തിയില്ല |
| 19 | 1-19 | സഞ്ചയ സോഫ്റ്റ് വെയർ - പ്രവർത്തന വിശകലനം |
| 20 | 1-20 | 109-ാം നമ്പർ ചൂഴപ്പ്/നെടിയോരം അംഗൻവാടിക്ക് കെട്ടിടം നിർമിക്കാൻ നടപടികളായില്ല |
| 21 | 1-21 | പണം നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. |
| 22 | 1-22 | കന്നുകുട്ടി പരിപാലന പദ്ധതി |
| 23 | 1-23 | എ.ബി.സി പ്രോഗ്രാം – കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങളില്ല |
| 24 | 1-24 | കോസ്റ്റ് ഇൻഡക്സ് നിരക്ക് മാറിയതനുസരിച്ച് - എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല |
| 25 | 1-25 | GST ഈടാക്കിയില്ല |
| 26 | 1-26 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല |
| 27 | 1-27 | ഭവന പുനരുദ്ധാരണം - പൂർത്തിയാക്കാത്തത് |
| 28 | 1-28 | ലൈഫ് ഭവന പദ്ധതി – അവലോകനം |
| 29 | 1-29 | എന്റെ നാട് ശുചിത്വ നാട് – പദ്ധതിയിൽ ക്രമക്കേടുകൾ |

| | | |
|---|---|---|
| 30 | 1-30 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കുന്നില്ല |
| 31 | 1-31 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ – അപാകതകൾ |
| 32 | 1-32 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ₹1,04,707/-യുടെ സ്റ്റേഷനറി ലഭിക്കുവാൻ അവശേഷിക്കുന്നത് |
| | | **ഭാഗം – 2 (വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **- ഇല്ല -** |
| | | **ഭാഗം – 3 (ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 33 | 3-1 | കോസ്റ്റ് ഇൻഡക്സ് നിരക്ക് മാറിയതനുസരിച്ച് - എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല. നഷ്ടം ₹15,691/- |
| 34 | 3-2 | എന്റെ നാട് ശുചിത്വ നാട് – പദ്ധതി നടത്തിപ്പിൽ വൻ ക്രമക്കേടുകൾ |
| | | **ഭാഗം – 4 (പൊതുവിവരങ്ങളും പ്രത്യവലോകനവും)** |
| 35 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 36 | 4-2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 37 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 39 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 40 | 4-6 | സ്ഥിര നിക്ഷേപം |
| 41 | 4-7 | ഓഡിറ്റ് റിക്കവറി |
| 42 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 43 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 44 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 46 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

27.03.2018ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം തൻ വർഷത്തെ ബജറ്റ് അംഗീകരിച്ചു. പ്രാരംഭ ബാക്കി ₹1,19,00,247/-യും വരവ് ₹27,55,39,000/-യും ചെലവ് ₹27,80,18,250/-യും നീക്കിബാക്കി ₹94,20,997/-യും ആകുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 31-05-2019 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹44,87,397 |
| വരവ് | ₹8,03,51,859 |
| ആകെ | ₹8,48,39,256 |
| ചെലവ് | ₹7,88,45,888 |
| നീക്കിയിരിപ്പ് | ₹59,93,368 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15319000 | 15319000 | 14812884 | 506116 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2942000 | 2942000 | 2938386 | 3614 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1748000 | 1748000 | 1664100 | 83900 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12231000 | 12231000 | 12214014 | 16986 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3253000 | 3253000 | 2281640 | 971360 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9009893 | 9009893 | 5074979 | 3934914 |
| സാക്ഷരത | | 66545 | 0 | 66545 | 62537 | 4008 |
| ദുരിതാശ്വാസനിധി | | 4823 | 0 | 4823 | 2679 | 2144 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 47139068 | 47139068 | 47139068 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2416 | 1317351 | 1319767 | 1311266 | 8501 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടോട്ടൽ സാനിറ്റേഷൻ | 1249587 | 0 | 1249587 | 235218 | 1014369 |
| | ഐ.സി.ഡി.എസ് | 73330 | 517675 | 591005 | 354283 | 236722 |
| | ഒ.ഡി.എഫ് | 460800 | 0 | 460800 | 0 | 460800 |
| | മറ്റ് ഗ്രാന്റുകൾ | 0 | 85680 | 85680 | 0 | 85680 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | എം.എൽ.എ ഫണ്ട് | 340287 | 0 | 340287 | 0 | 340287 |
| | സാക്ഷരതാ ഗ്രാന്റ് | 569 | 64920 | 65489 | 592 | 64897 |
| | ശുചിത്വമിഷൻ | 203276 | 2368898 | 2572174 | 0 | 2572174 |
| | ശബരിമല | 240074 | 0 | 240074 | 31662 | 208412 |
| | വിമുക്തി | 114669 | 500000 | 614669 | 0 | 614669 |
| | കേരളോത്സവം | 0 | 20000 | 20000 | 0 | 20000 |
| | മറ്റ് ഗ്രാന്റുകൾ | 0 | 25000 | 25000 | 16490 | 8510 |
| കാർഷിക വകുപ്പ് അവാർഡ് | | 0 | 300000 | 300000 | 300000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 0 | 1880000 | 1880000 | 1880000 | 0 |
| | ജില്ലാപഞ്ചായത്ത് | 432527 | 2836097 | 3268624 | 2836097 | 432527 |
| ബി-ഫണ്ട് | | 0 | 4200 | 4200 | 4200 | 0 |

<table>
<tr><td colspan="2">ജനറൽ പർപ്പസ് ഗ്രാന്റ്</td><td>245784</td><td>5280750</td><td>5526534</td><td>8470511</td><td>(-)2943977</td></tr>
<tr><td colspan="2">ഗുണഭോക്തൃവിഹിതം</td><td>188493</td><td>209260</td><td>397753</td><td>0</td><td>397753</td></tr>
<tr><td colspan="2">ബാങ്ക് അക്കൗണ്ട് (പ്ലാൻ)</td><td>75527</td><td>0</td><td>75527</td><td>36945</td><td>38582</td></tr>
<tr><td rowspan="2">തനത് ഫണ്ട്</td><td>ബാങ്ക് അക്കൗണ്ട് (തനത്)</td><td>788690</td><td>3223716</td><td>4012406</td><td>2004564</td><td>2007842</td></tr>
<tr><td>പണം</td><td>0</td><td>102406</td><td>102406</td><td>0</td><td>102406</td></tr>
</table>

## 1-5 പദ്ധതി അവലോകനം

**എ) പദ്ധതി രൂപീകരണം**

| ഘട്ടം | തീയതി |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 30.01.2018 |
| പദ്ധതി ആസൂത്രണ ഗ്രാമസഭ | 18.02.2018 മുതൽ 28.05.2018 വരെ |
| വികസന സെമിനാർ | 08.03.2018 |
| ഭരണ/സാമ്പത്തികാനുമതി വിവരം | തീരുമാന നമ്പർ :1, തീ:12.03.2018<br>(അന്തിമ പദ്ധതി) |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 370/2018/ഡിപിസി/ഡിപിഒ/ഐ.ഡി.കെ<br>തീയതി:01.03.2019<br>(ഭേദഗതിയുൾപ്പെടെയുള്ള അന്തിമപദ്ധതി) |

**ബി) അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 69015272 | 150 | 44878410 | 0 | 39 | 79.36 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

**- ഇല്ല -**

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണപരം | 2416 | 1317351 | 1319767 | 1311266 | 8501 |
| സാധനങ്ങളുടെ വില | 0 | 1610216 | 1610216 | 1610216 | 0 |
| വിദഗ്ദ തൊഴിലാളികളുടെ കൂലി | 0 | 7799809 | 7799809 | 7799809 | 0 |
| അവിദഗ്ദ തൊഴിലാളികളുടെ കൂലി | 0 | 37729043 | 37729043 | 37729043 | 0 |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4200 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 1514400 | 383 |
| വിധവാപെൻഷൻ | 5459100 | 1280 |
| വാർദ്ധക്യകാലപെൻഷൻ | 21831400 | 4872 |
| വികലാംഗപെൻഷൻ | 1842600 | 422 |
| അവിവാഹിത പെൻഷൻ | 422500 | 99 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **₹42,245/-**യുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

2. സകർമ്മസോഫ്റ്റ് വെയറിൽ പ്രസിഡണ്ടിന് പ്രിവിലേജ് നൽകിയിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നില്ല.

3.സഞ്ചയസോഫ്റ്റ് വെയറിൽ വസ്തുനികുതി ഇനത്തിലുള്ള പഞ്ചായത്തിന്റെ യഥാർത്ഥ ഡിമാന്റ് കളക്ഷൻ ബാലൻസുകൾ പ്രതിഫലിക്കുന്നില്ല.

4. ലൈഫ് പദ്ധതിക്ക് വേണ്ടി വായ്പ ലഭിച്ചിട്ടുണ്ടങ്കിലും, വായ്പ തുക, തൻ വർഷ വരവ്, തിരിച്ചടവ്, തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ ജോലി വിഭജനം നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം ജോലി നിർവ്വഹണം നടത്തുന്നുണ്ടോയെന്ന നിരീക്ഷണം ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥരിൽ നിന്നും ഉണ്ടാവുന്നില്ല.

6. സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

7. നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

8. പ്രത്യേക ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നീക്കിയിരിപ്പ് ഉണ്ടാകേണ്ട തുക ₹65,33,465/- (ഷെഡ്യൂൾ ബി-4) ആയിരിക്കേ തനത് ഫണ്ട് സഹിതം നീക്കിയിരിപ്പ് തുക ₹59,93,368/- ( ഷെഡ്യൂൾ ആർ.പി. 40-ബി) മാത്രമാണ്. യാതൊരു നിയന്ത്രണമില്ലാതെ തുക വകമാറ്റി ചെലവഴിക്കുന്നതിന് ഒരു ഉദാഹരണമായി കണക്കാക്കുന്നു.

9. ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ കുറ്റമറ്റതായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവയുടെ യഥാർത്ഥ ചെലവുകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ അലോട്ടമെന്റിന് ഓൺലൈൻ റിക്വസ്റ്റ് നൽകുകയും ഗ്രാമപഞ്ചായത്തിൽ നിന്നും അലോട്ട്മെന്റ് നൽകുകയും ചെയ്യുന്നു. തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓൺലൈൻ മുഖേന ഗ്രാമപഞ്ചായത്തിന് ബിൽ സമർപ്പിക്കുകയും അക്കൗണ്ട് സെക്ഷനിൽ നിന്ന് വൗച്ചർ നമ്പർ നൽകി ബിൽ അപ്രൂവ് ചെയ്യാത്തതിനാലാണ് മേൽ പറഞ്ഞ അപാകത സംഭവിച്ചിരിക്കുന്നത്.

| ഫണ്ടിനം | സാംഖ്യ പ്രകാരം ചെലവ് ₹ | യഥാർത്ഥ ചെലവ് ₹ |
|---|---|---|

| | | |
|---|---|---|
| തനത് ഫണ്ട് | 22000 | 811981 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 589501 |
| ബ്ലോക്ക്പഞ്ചായത്ത് ഫണ്ട് | 120000 | 1880000 |
| ജില്ലാപഞ്ചായത്ത് ഫണ്ട് | 36097 | 2836097 |
| ഗുണഭോക്തൃവിഹിതം | 14762 | ലഭ്യമല്ല |

10. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.01.2017ലെ ഇ-7/11350/2015/സി.ഇ./തസ്വഭവ. സർക്കുലർ പ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.08.2018 | 07/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.9.2010 മുതൽ 04.10.2010 വരെ | 2005-06 മുതൽ 2009-10 വരെ | 11.11.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ആർജ്ജിച്ച ആസ്തികളുടെ മൂല്യം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. വസ്തുനികുതിയുടെ ഡി.സി.ബി. സഞ്ചയ-യുമായി പൊരുത്തപ്പെടുന്നില്ല.

3. KURDFC-യിൽ നിന്നും ലൈഫ് പദ്ധതിയ്ക്കായി എടുത്ത വായ്പ (RP-32) ₹1,71,04,446/-യാണ്. ബി-16 ഷെഡ്യൂളിൽ Prepaid Programme Expense ആയി ചേർത്തിട്ടുള്ളത് ₹1,71,03,903/-യാണ്.

4. പ്രത്യേക ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നീക്കിയിരിപ്പ് ഉണ്ടാകേണ്ട തുക ₹65,33,465/- (ഷെഡ്യൂൾ ബി-4) ആയിരിക്കേ തനത് ഫണ്ട് സഹിതം നീക്കിയിരിപ്പ് തുക ₹59,93,368/- ( ഷെഡ്യൂൾ ആർ.പി 40-ബി) മാത്രമാണ്.

## 1-12 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1) <u>റിട്ടേണുകളുടെ അടിസ്ഥാനത്തിലല്ലാത്ത തൊഴിൽ നികുതി പിരിവ്</u>

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10(1)പ്രകാരം ഒരർദ്ധവർഷത്തേക്ക് തൊഴിൽനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥമായ കമ്പനിയോടോ, ആളോടോ തുടർന്നുള്ള അർദ്ധവർഷത്തിൽ VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതും ചട്ടം 10 (2) പ്രകാരം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ 2018-19ലെ ഡി. ആൻറ് ഒ. ലൈസൻസികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനു മേൽചട്ടപ്രകാരം നോട്ടീസ് നൽകുന്നില്ല. ഇതുസംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

**2) ട്രേഡേഴ്സ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും വകുപ്പ് 205-ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2018-19ലെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഡി. & ഒ. ലൈസൻസ് നൽകിയ കച്ചവടക്കാരുടെ വിശദാംശങ്ങളില്ലാത്തതിനാൽ 2018-19ൽ ലൈസൻസ് നൽകിയ മുഴുവൻ കച്ചവടക്കാരിൽനിന്നും വിറ്റുവരവിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയോ എന്ന് പഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

**3) തൊഴിൽ നികുതി ഈടാക്കിയില്ല**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, ഉപവകുപ്പ് (1)(എ)(i) പ്രകാരം ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്, എന്നാൽ 2018-19ൽ പഞ്ചായത്തിനുവേണ്ടി പ്രവൃത്തി നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ മേൽചട്ടം, ഉപവകുപ്പ് (1)(i) പ്രകാരം അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെ മേലും തൊഴിൽ നികുതിചുമത്തേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|

| | |
|---|---|
| 1 | ബി.എസ്.എൻ.എൽ., പെരുവന്താനം |
| 2 | മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ |
| 3 | ട്രാവൻകൂർ റബ്ബർ & ടീ കമ്പനി ലി. കുപ്പക്കയം എസ്റ്റേറ്റ് |
| 4 | ട്രാവൻകൂർ റബ്ബർ & ടീ കമ്പനി ലി. മനിക്കൽ എസ്റ്റേറ്റ് |

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-13 ഡി. ആന്റ് ഒ. ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

**1) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ**

ഡി.ആന്റ്.ഒ. ലൈസൻസിനുള്ള അപേക്ഷകളിൽ പലതിലും വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം, മുൻവർഷത്തെ ലൈസൻസ് നമ്പർ സ്ഥാപനത്തിന്റെ പേര് എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്. ദിവസ വിറ്റുവരവ് കണക്കാക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ, പ്രവർത്തന മൂലധനം ഏകീകൃത രൂപത്തിൽ കണക്കാക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാലും സ്ഥാപനങ്ങൾ അതു കുറച്ചു കാണിക്കാൻ സാദ്ധ്യതയുള്ളതിനാലും സ്ഥിര നിക്ഷേപത്തിന്റെ (യന്ത്ര സാമഗ്രികൾ മാത്രം) 5% ദിവസേനയുള്ള വിറ്റുവരവായി കണക്കാക്കിയും ഫീസ് ചുമത്താവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞവയൊന്നും പരിഗണിക്കാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

**2) വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റില്ല**

പഞ്ചായത്തിൽ നിലവിൽ വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതെയാണ് ലൈസൻസ് നൽകിയിരിക്കുന്നത്. അതിനാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ശബരിമല മണ്ഡല കാലത്തനുവദിച്ച 30 താൽകാലിക ലൈസൻസും ചേർത്ത് ആകെ 158 (128+30=158) സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിരിക്കുന്നത്. മുൻ വർഷത്തെ ഓഡിറ്റ് പരാമർശത്തെ തുടർന്ന് പിന്നീട് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**3) പിഴ ഈടാക്കുന്നില്ല :**

1996ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ) ചട്ടങ്ങൾ 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുമ്പും പുതിയ ലൈസൻസിനുള്ള അപേക്ഷ, അവ തുറക്കുന്നതിനു 30 ദിവസം

മുമ്പായും സമർപ്പിക്കേണ്ടതാണ്. എന്നാൽ 2018-19ലേക്കുള്ള ലൈസൻസ് നല്കിയ 128 സ്ഥാപനങ്ങളിൽ 8 കച്ചവട-വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് യഥാസമയം ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ബാക്കി 120 സ്ഥാപനങ്ങളും വൈകിയാണ് അപേക്ഷിച്ചിട്ടുള്ളത്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷയുടെ സംഗതിയിൽ പട്ടിക-34 അനുസരിച്ച് കൊടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ചുമത്താവുന്നതാണ്. മാത്രമല്ല, മേൽ ചട്ടം 26 പ്രകാരം ചട്ടങ്ങളുടെ ലംഘനത്തിന് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 255-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് (₹1,000/-) പിഴ ശിക്ഷ നൽകേണ്ടതുമാണ്.

**4) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പനുസരിച്ച് മനുഷ്യരുടെ ജീവനോ, സ്വത്തിനോ അസഹ്യമോ, ആപൽക്കരമോ ആയേക്കാനിടയുള്ള കാര്യങ്ങൾക്ക്, സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 3 പ്രകാരമുള്ള പട്ടിക 1 ക്രമ നമ്പർ 149 അനുസരിച്ച് റീട്ടെയിൽ റേഷൻ ഡിപ്പോ ഈ ഗണത്തിൽപ്പെടുന്നതാണ്. എന്നാൽ, പഞ്ചായത്തിൽ ഡി. & ഒ. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ പേരിൽ നടപടിയെടുക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-14 വസ്തു നികുതി ഈടാക്കിയിട്ടില്ല - വരുമാനം നഷ്ടമാകുന്നു

35-ാം മൈലിൽ സ്ഥിതി ചെയ്യുന്ന കള്ളിവയൽ പാപ്പൻ മെമ്മോറിയൽ പബ്ലിക് സ്കൂളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും 2013-14 മുതലുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207-ബി(എ) (2013ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ചട്ടങ്ങൾ, with effect from 25.11.2012) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കന്ററി തലംവരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും മാത്രമാണ് വസ്തുനികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ കള്ളിവയൽ പാപ്പൻ മെമ്മോറിയൽ പബ്ലിക് സ്കൂളിൽ നിന്നും ഓഡിറ്റ് വർഷത്തിലോ മുൻ വർഷങ്ങളിലോ വസ്തുനികുതി ഈടാക്കിയിട്ടില്ല.

പതിനാലാം വാർഡിൽ 196 മുതൽ 204 വരെയുള്ള നമ്പറുകളിലായി ടി സ്കൂൾ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും സ്ഥാപനം വസ്തു നികുതി ഒടുക്കിയിട്ടില്ല. 2013-14 മുതൽ 2019-20 വരെ ₹7,83,803/- സ്ഥാപനം വസ്തുനികുതിയിനത്തിൽ ഒടുക്കുവാനുണ്ട്.

നികുതി ഒടുക്കുന്നതിലേക്കായി സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും വസ്തുനികുതി

ഒഴിവാക്കുന്നതിനായി സ്ഥാപനം ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ ഉത്തരവ് (WP(c) No. 36533/2016(n) dated. 04.04.2017) വാങ്ങുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 08.02.2018 ലെ 5(4)-ാം നമ്പർ തീരുമാനപ്രകാരം സ്റ്റേ ഉത്തരവ് ഒഴിവാക്കുന്നതിന് ഹൈക്കോടതിയെ സമീപിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടപ്പോൾ ഇതു സംബന്ധിച്ച ഫയലുകൾ അഡ്വക്കേറ്റ് ഓഫീസിൽ നൽകിയിരിക്കുകയാണെന്ന് അറിയിച്ചു. അഡ്വക്കേറ്റ് ഓഫീസിൽ ഫയലുകൾ നൽകിയതിന്റെ കൈപ്പറ്റ് രസീതും ഫയലുകളുടെ പകർപ്പും ഹാജരാക്കുന്നതിന് (ഓഡിറ്റ് എൻക്വയറി നം. 2) ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഫയലുകൾ ഹാജരാക്കാത്തതിനാലും കൈപ്പറ്റ് രസീത്, ഫയലിന്റെ പകർപ്പ് എന്നിവ ഹാജരാക്കാത്തതിനാലും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിർദേശം നടപ്പാക്കുന്നതിനായി സെക്രട്ടറി യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. യഥാസമയം നിയമ നടപടികൾ സ്വീകരിക്കാത്തതുമൂലം വസ്തുനികുതി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമായ തുക ആയതിന് വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

വസ്തുനികുതി ഒടുക്കിയിട്ടില്ലാത്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ജീവനക്കാരുമായി ചർച്ച ചെയ്തതിൽ ടി സ്കൂൾ കൈമാറ്റം ചെയ്യപ്പെട്ടെന്നും പുതിയ സ്കൂൾ മാനേജ്മെന്റ് വസ്തുനികുതി ഒടുക്കുന്നതിന് തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2013-14 മുതൽ 2018-19 വരെയുള്ള ഡിമാന്റ് സഞ്ചയ-യിൽ കോർട്ട് സ്റ്റേയിൽ ഉൾപ്പെടുത്തി സസ്പെൻഡ് ചെയ്തിട്ടുള്ളതിനാൽ ഫ്രണ്ട് ഓഫീസിൽ ഡിമാന്റ് ലഭിക്കുന്നില്ലായെന്നും ആയത് റിവോക്ക് ചെയ്യുന്നതിനായി സർക്കാരിലേക്കും ഐ.കെ.എം-ലേയ്ക്കും കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ നാളിതുവരെയായി വസ്തുനികുതി ഈടാക്കുന്നതിന് സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് കമ്മിറ്റി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ യോഗങ്ങളിലൊന്നും ഈ വിഷയം ചർച്ച ചെയ്യുകയോ സെക്രട്ടറി മറ്റ് ജീവനക്കാർ എന്നിവർക്ക് ഉചിതമായ നിർദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം ശുഷ്കമായ ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി ഇത്തരത്തിൽ പ്രവർത്തിക്കുന്നത് ഉചിതമല്ല. ലഭ്യമായ എല്ലാ സ്രോതസുകളിൽ നിന്നും വരുമാനം ലഭ്യമാക്കി ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുതകുംവിധം ഈ പണം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ജീവനക്കാർക്ക് യഥാസമയം ഉചിതമായ നിർദേശങ്ങൾ നൽകേണ്ടതാണ്.

നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സ്ഥാപനത്തിൽ നിന്നും വസ്തുനികുതി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ഇ വകുപ്പ് പ്രകാരം അതു നൽകേണ്ട തീയതി മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴയോടുകൂടി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പ് 15-ാം ഉപ വകുപ്പ് പ്രകാരം "ഒരു കെട്ടിടത്തിന് നിർണ്ണയിക്കപ്പെട്ട വാർഷിക വസ്തുനികുതി രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി ഒടുക്കേണ്ടതാണ്. ഏതൊരു അർദ്ധ വർഷത്തേക്കുമുള്ള ഗഡു അർദ്ധ വർഷത്തിന്റെ അവസാന ദിവസമോ അതിനു മുമ്പോ നൽകേണ്ടതും ആ തീയതിയ്ക്കകം നികുതി നൽകാതിരുന്നാൽ 209-ഇ വകുപ്പ് പ്രകാരം അത് നൽകേണ്ട തീയതി മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ ഈടാക്കേണ്ടതുമാണ്." എന്നാൽ ബി.എസ്.എൻ.എൽ., എ.റ്റി.സി ടെലികോം ടവർ എന്നിവയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. ഒരു ശതമാനം പിഴ സഹിതം കുടിശ്ശിക ഈടാക്കുന്നതിന് 1996ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയം ഈടാക്കലും അപ്പീലും) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ജപ്തി, പ്രൊസിക്യൂഷൻ, വ്യവഹാരം എന്നി നിയമാനുസൃത നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | വാർഡ് | കെട്ടിട നം. | പേര് | ഒരു വർഷത്തെ വസ്തുനികുതി | കുടിശിക വർഷം | ആകെ കുടിശിക ₹ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 2 | 23 | ദി മാനേജർ എ.റ്റി.സി. ടെലികോം ടവർ | 25726 | 2013-14 | 25726.00 + 16660.00 (പിഴപലിശ) |
| 2 | 3 | 423 | ഡിവിഷനൽ എഞ്ചിനിയർ ടെലികോം ബി.എസ്.എൻ.എൽ | 7770 | 2015-16 മുതൽ 2018-19 വരെ | 31080.00 + 7696.00 (പിഴപലിശ) |
| 3 | 10 | 58 | ഡിവിഷനൽ എഞ്ചിനിയർ ടെലികോം ബി.എസ്.എൻ.എൽ | 6804 | 2015-16 മുതൽ 2018-19 വരെ | 27216.00 + 6739.00 (പിഴപലിശ) |

### 1-16 നിയമ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച – ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം ലഭിച്ചില്ല

1997–ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള ₹200/- ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം ₹50/- ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം,

ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ **അയ്യായിരം** രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും **അഞ്ഞൂറ്** രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 35-ാം മൈലിൽ പ്രവർത്തിക്കുന്ന മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ 2004-05 മുതൽ ചട്ടപ്രകാരം രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ല. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് 2004-05 മുതൽ 22.06.2011 വരെയുള്ള രജിസ്ട്രേഷൻ ഫീസും പിഴയും ഉൾപ്പെടെ ₹13,60,030/- ഒടുക്കുന്നതിനായി 23.06.2011ൽ A2/2126/09 നമ്പരായി ഹോസ്പിറ്റലിന് ആർ. ആർ. ഡിമാന്റ് നോട്ടീസ് നൽകി. തുടർന്ന് 14.07.2011ൽ വീണ്ടും നോട്ടീസ് നൽകുകയും 01.08.2011ൽ സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു.

എന്നാൽ ഹോസ്പിറ്റൽ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും തുക ഒടുക്കുന്നതിന് സ്റ്റേ വാങ്ങുകയും ചെയ്തു (WP(c) No21459/2011). ഈ കേസുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടപ്പോൾ ഫയലുകൾ അഡ്വക്കേറ്റ് ഓഫീസിൽ നൽകിയിരിക്കുകയാണ് എന്ന മറുപടിയാണ് ലഭിച്ചത്. ഫയലിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടപ്പോൾ ഓഫീസ് കുറിപ്പുകൾ ഇല്ലാത്തതും അപൂർണ്ണവുമായ ഏതാനും പകർപ്പുകൾ മാത്രമാണ് ഹാജരാക്കിയത്. കേസുമായി ബന്ധപ്പെട്ട പൂർണ്ണമായ ഫയൽ ലഭ്യമാക്കുന്നതിനും ഫയലുകൾ അഡ്വക്കേറ്റ് ഓഫീസിൽ നൽകിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി (നം.3) നൽകിയെങ്കിലും ഫയലുകളോ കൈപ്പറ്റ് രസീതോ എൻക്വയറിക്ക് മറുപടിയോ ലഭ്യമാക്കിയില്ല.

ലഭ്യമായ വിവരങ്ങളുടെയും ഗ്രാമപഞ്ചായത്ത് കമ്മറ്റി മിനിറ്റ്സ് ബുക്കിന്റെയും അടിസ്ഥാനത്തിൽ താഴെ പരാമർശിക്കും പ്രകാരമുള്ള ഗുരുതരമായ വീഴ്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഭരണസമിതി എന്നിവരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്.

1. 1960ൽ കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിൽ പ്രവർത്തനമാരംഭിച്ച മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ചട്ടപ്രകാരം ലൈസൻസ് എടുക്കാത്തതിന് 2011ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിരിക്കുന്നത്. 2011ൽ സ്ഥാപനത്തിന് രജിസ്ട്രേഷൻ ഫീസും പിഴയുമടക്കം ₹13,60,030/- ഒടുക്കുന്നതിന് ആർ. ആർ. ഡിമാന്റ് നോട്ടീസ് നൽകിയപ്പോൾ 2004-05 മുതൽ 22.06.2011 വരെയുള്ള കാലഘട്ടമാണ് പരിഗണിച്ചിരിക്കുന്നത്. 2004-05ന് മുമ്പുള്ള കാലഘട്ടത്തിൽ സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന വ്യക്തമല്ല. 2004-05 മുതൽ 2011-12 വരെയുള്ള കാലയളവിൽ സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല.

രജിസ്ട്രേഷൻ പുതുക്കുന്നതിന് സ്ഥാപനവും തയ്യാറായിട്ടില്ല.

2. ചട്ടം 270(എ) പ്രകാരം ഗ്രാമപഞ്ചായത്ത് ചുമത്തിയ പിഴ ശിക്ഷക്കെതിരെയുള്ള കോടതി വിധിയിൽ (WP (c) No21459/2011 തീയതി 06.03.2018) ഒരു വ്യക്തിയുടെ മേൽ പിഴ ചുമത്തുന്നത് കോടതി മുഖേനയുള്ള പ്രോസിക്യൂഷൻ നടപടികളിലൂടെയായിരിക്കണമെന്നും സെക്രട്ടറിക്ക് ഇതിന് അധികാരമില്ലായെന്നും വ്യക്തമാക്കി.

3. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 254 മുതൽ 257 വരെയുള്ള ചട്ടങ്ങളിൽ ഈ ആക്ട് പ്രകാരം ചട്ടങ്ങളും ബൈലാകളും ഉണ്ടാക്കുന്നത് സർക്കാരിന് അധികാരമുണ്ടെന്നും അവയുടെ ലംഘനത്തിന് സെക്രട്ടറിക്ക് സ്വീകരിക്കാവുന്ന ശിക്ഷാ നടപടികളെക്കുറിച്ചും സെക്രട്ടറിയുടെ അധികാരത്തെപ്പറ്റിയും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് കോടതിയിൽ ബോധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിനായില്ല. ചട്ടപ്രകാരം പിഴ ശിക്ഷ നൽകുന്നതിന് അധികാരമുണ്ടെന്ന് കോടതിയെ ബോധിപ്പിച്ചിരുന്നെങ്കിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള കോടതിയുത്തരവ് ഉണ്ടാവുകയില്ലായിരുന്നു.

4. 21.11.2018ൽ WP(c) 3763/2018 കോടതി ഉത്തരവിൽ ഈ ഉത്തരവ് കൈപ്പറ്റി ഒരുമാസത്തിനകം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ നിന്നും രജിസ്ട്രേഷൻ ഫീസും പിഴയും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിനോട് നിർദേശിച്ചു. 20.12.2018ൽ കോടതി ഉത്തരവ് നടപ്പാക്കുന്നിനായി ഗ്രാമപഞ്ചായത്ത് ടി സ്ഥാപനത്തിന് വീണ്ടും കത്ത് നൽകി.

5. ഗ്രാമപഞ്ചായത്തിന്റെ മേൽ നടപടിക്കെതിരെ ഹോസ്പിറ്റൽ WP(c)903/2019 ആയി വീണ്ടും കേസ് ഫയൽ ചെയ്തു. അന്തിമ വിധി ലഭ്യമല്ല.

6. ഫയലുകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ സെക്രട്ടറി, ഗ്രാമപഞ്ചായത്തിന് അനുകൂലമായി സെക്രട്ടറിയുടെയും ഗ്രാമപഞ്ചായത്തിന്റെയും അധികാരങ്ങൾ വ്യക്തമാക്കി സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഫയലുകളുടെ പകർപ്പുകൾ പോലും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അനുകൂലമായ നിലപാട് സെക്രട്ടറിയുടെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

7. 2004-05 മുതൽ 2011-12 വരെയുള്ള കാലഘട്ടത്തിലും തുടർന്നും ഹോസ്പിറ്റൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതിയും വസ്തുനികുതിയും ഒടുക്കുന്നുണ്ട്. എന്നാൽ രജിസ്ട്രേഷൻ ഇല്ലാത്തത് സംബന്ധിച്ച യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല.

8. നിലവിൽ കോടതിയിലുള്ള കേസ് 2004-05 മുതൽ 2011-12 വരെയുള്ള കാലഘട്ടത്തിലേതാണ്. 2011-12 മുതൽ നാളിതുവരെയുള്ള വർഷങ്ങളിൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ നിലപാട് വ്യക്തമല്ല.

യഥാസമയം ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് നിയമ നടപടികൾ സ്വീകരിക്കാത്തതുമൂലം ടി വരുമാനം ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്ന പക്ഷം ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ

സെക്രട്ടറിയിൽ നിന്നും ആയത് ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതായിരിക്കും.

### 1-17 രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം 3(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതും ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ **ഇരുനൂറ്** രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം രജിസ്റ്റർ ചെയ്യേണ്ടതും, ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ **അമ്പത്** രൂപ ഫീസ് ഒടുക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.

എന്നാൽ താഴെ വ്യക്തമാക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവ ഒടുക്കുന്നുണ്ടെങ്കിലും രജിസ്റ്റർ ചെയ്തിട്ടില്ല.

1. സെന്റ് ആന്റണീസ് കോളേജ്, പെരുവന്താനം.
2. പി. എം. എ. പബ്ലിക് സ്കൂൾ, പെരുവന്താനം.
3. കള്ളിവയൽ പാപ്പൻ മെമ്മോറിയൽ പബ്ലിക് സ്കൂൾ.

സെക്ഷൻ 267 പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നടത്തുകയൊ പരിപാലിക്കുകയോ ചെയ്താൽ കുറ്റസ്ഥാപനത്തിൻമേൽ **ആയിരം** രൂപ വരെയുള്ള പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും **നൂറ്** രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസ്തുത നടപടികൾ കൈക്കൊണ്ടിട്ടില്ല. മേൽ സൂചിപ്പിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 സ്കൂൾ കോമ്പൌണ്ടിലുള്ള ആഞ്ഞിലി മരം ലേലം നടത്തിയില്ല

പെരുവന്താനം ഗവ. യു. പി സ്കൂൾ കോമ്പൌണ്ടിനുള്ളിലുള്ളതും ശ്രീ. എൻ. പി. സെയ്ദ് മുഹമ്മദ് എന്നയാളുടെ പുരയിടത്തിലേയ്ക്ക് അപകടകരമാം വിധം ചാഞ്ഞ് നിൽക്കുന്നതുമായ ആഞ്ഞിലിമരം ടിയാന്റെ പരാതിയുടെ അടിസ്ഥാനത്തിൽ മുറിച്ച് നീക്കുന്നതിന് 29.08.2018ലെ 4(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മരത്തിന്റെ വില നിശ്ചയിക്കുകയും (₹1,28,938/-) 26.11.2018ൽ മരം ലേലം നടത്തുകയും ചെയ്തു. എന്നാൽ ആരും മരം ലേലം കൊണ്ടില്ല. അളവുകളിൽ അപാകതയുണ്ടെന്നും മരത്തിന് കേടും വളവും ഉള്ളതിനാലാണ് ആരും ലേലം

കൊള്ളാത്തതെന്ന് കാണിച്ച് വില പുനർ നിർണ്ണയിക്കുന്നതിന് സെക്രട്ടറി അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് വീണ്ടും കത്ത് നൽകി. എന്നാൽ വില നിശ്ചയിച്ചിരിക്കുന്നത് കൃത്യമാണെന്നും അപാകതകളില്ലെന്നും കാണിച്ച് അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സെക്രട്ടറിക്ക് കത്ത് നൽകുകയും കൂടുതൽ വിപുലമായ രീതിയിൽ പരസ്യം നൽകി വീണ്ടും ലേലം നടത്തണമെന്നും നിർദേശിച്ചു. എന്നാൽ നാളിതുവരെയായും ടി മരം ലേലം ചെയ്യുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയോ സെക്രട്ടറിയോ ഇക്കാര്യങ്ങൾ പിന്നീട് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്തിട്ടില്ല.

ടി മരം യഥാസമയം മുറിച്ച നീക്കാത്തത് മൂലമുണ്ടാകുന്ന എതൊരപകടത്തിനും അതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിനും യഥാസമയം നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതുമാണ്. സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലേയ്ക്ക് അപകടകരമാം വിധം ചാഞ്ഞ് നിൽക്കുന്ന ആഞ്ഞിലിമരം അടിയന്തിരമായി ലേലം ചെയ്ത് മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സഞ്ചയ സോഫ്റ്റ് വെയർ - പ്രവർത്തന വിശകലനം

വസ്തുനികുതി നിർണ്ണയം, ഡിമാന്റ്, കളക്ഷൻ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്നതും ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) വികസിപ്പിച്ചതുമായ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിൽ താഴെ വ്യക്തമാക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

**എ)** 2018-19 വരെ മാനുവൽ രസീതുകൾ ഉപയോഗിച്ച് പിരിക്കുന്ന വസ്തുനികുതി സഞ്ചയയിൽ പാസ് ഡാറ്റാ എൻട്രി (PDE) ആയി ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ എൻട്രി വരുത്തുമ്പോൾ ഒരേ രസീത് ബുക്ക് ഉപയോഗിച്ച് പിരിക്കുന്ന സമാന രസീതുകൾ ഒരു വാർഡിലെ തന്നെയോ പല വാർഡുകളിലെയോ വ്യത്യസ്ത ആളുകളുടെ വരവായി രേഖപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കുവാൻ നിലവിൽ സാധിക്കുകയില്ല.

**ബി)** സ.ഉ.(എം.എസ്.) നം.144/15/തസ്വഭവ. തീയതി. 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുമ്പോഴും 02.07.2013ലെ ജി.ഒ.(എംഎസ്.) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തുനികുതി ഒഴിവാക്കുമ്പോഴും, അപേക്ഷകന് പഞ്ചായത്തിൽ വേറെ വാസഗൃഹങ്ങളുണ്ടോയെന്നും കേരളത്തിലെ മറ്റ് പഞ്ചായത്തുകൾ/ നഗരസഭകൾ എന്നിവയിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിനോ യാതൊരു സംവിധാനവും സഞ്ചയ-യിലില്ല.

**സി)** വിമുക്ത ഭടൻമാരുടെ 2000ച. അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ 2000ച. അടിയിൽ

കൂട്ടതലായി വരുന്ന ഭാഗത്തിന്0 നികുതിഈടാക്കുന്നതിനും സഞ്ചയയിൽ സംവിധാനമില്ല.

**ഡി)** 9.07.2015ലെ സഉ.(എംഎസ്.)231/15 തസ്വഭവ പ്രകാരം, 1975ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഢംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ വർഷത്തെ ആഢംബര നികുതി അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വസ്തുനികുതി ഈടാക്കാൻ പാടുള്ളൂ. ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ, ഇക്കാര്യം പരിശോധിക്കുന്നതിന് സഞ്ചയയിൽ സൗകര്യമില്ല.

**ഇ)** ഒരേ ഉടമസ്ഥന്റെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭിക്കുന്നില്ല. തോട്ടം ഉൾപ്പെടുന്ന മേഖലയായതിനാൽ ഒന്നിലധികം കെട്ടിടങ്ങളുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ധാരാളമുണ്ട്. എന്നാൽ ഒരാളുടെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടേയും നികുതി വിവരങ്ങൾ ഒന്നിച്ച് ലഭ്യമാകാത്തതിനാൽ ഓരോന്നിനും പ്രത്യേകം ഡിമാന്റ് നോട്ടീസ് തയ്യാറാക്കി നൽകേണ്ടിവരുന്നത് മനുഷ്യ വിഭവശേഷി നഷ്ടപ്പെടുത്താൻ ഇടയാക്കുന്നു

**എഫ്) സാംഖ്യ-സഞ്ചയ സമന്വയം :** ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ, സഞ്ചയ-യിൽ പോസ്റ്റിംഗ് വരുമെങ്കിലും, ഏതെങ്കിലും കാരണത്താൽ രസീത് ക്യാൻസൽ ചെയ്താലും, സഞ്ചയ-യിലെ പോസ്റ്റിംഗ് മാറുന്നില്ല.

**ജി)** 2019-20 മുതൽ പരമ്പരാഗത രസീതുപയോഗിച്ച് നടത്തുന്ന ക്യാമ്പ് കലക്ഷൻ, ഔട്ട് ഡോർ കളക്ഷൻ, സാംഖ്യ പ്രവർത്തന രഹിതമാകുമ്പോൾ ഓഫിസിൽ സ്വീകരിക്കുന്ന വസ്തുനികുതി എന്നിവ രസീത് ബുക്ക് കൈപ്പറ്റിയ വ്യക്തിയുടെ പേരിൽ ആകെ തുക സാംഖ്യയിൽ വരവുവെയ്ക്കുകയും പിന്നീട് വസ്തുനികുതി സഞ്ചയ-യിൽ ഓരോ കെട്ടിട നമ്പരിനും നേരെ ഔട്ട് ഡോർ കളക്ഷൻ ഓപ്ഷൻ മുഖേന വരവ് വെയ്ക്കുകയും ചെയ്യുന്നു. സഞ്ചയ-സാംഖ്യ എന്നിവ സമന്വയിപ്പിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരം വരവുവെയ്ക്കുമ്പോൾ ആയത് സാംഖ്യയിൽ പ്രതിഫലിക്കുന്നില്ല. അതിനാൽ തന്നെ മാനുവൽ രസീതുകൾ എൻട്രി വരുത്തുന്നയാൾക്ക് യഥേഷ്ടം തുകകൾ രേഖപ്പെടുത്തുന്നതിന് അവസരമുണ്ടാകുന്നു. ഇപ്രകാരം രേഖപ്പെടുത്തൽ നടത്തുന്നില്ലായെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 109-ാം നമ്പർ ചുഴപ്പ്/നെടിയോരം അംഗൻവാടിക്ക് കെട്ടിടം നിർമിക്കാൻ നടപടികളായില്ല

ഗ്രാമപഞ്ചായത്തിലെ 109-ാം നമ്പർ ചുഴപ്പ്/നെടിയോരം അംഗൻവാടി വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസം ₹4,000/- നിരക്കിൽ നിശ്ചയിക്കപ്പെട്ട പ്രസ്തുത കെട്ടിടത്തിന്റെ വാടക നിലവിൽ ഗ്രാമപഞ്ചായത്ത്, സാമൂഹ്യനീതിവകുപ്പ്, അംഗൻവാടി വർക്കർ എന്നിവർ സംയുക്തമായാണ് വഹിച്ചു വരുന്നത് (യഥാക്രമം ₹1,100/-, ₹750/-, ₹2,150/-വീതം). അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി 5 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു. പെരുവന്താനം വില്ലേജിലെ 961, 962, 963, 964 സർവ്വേ നമ്പറുകളിൽപ്പെട്ട പ്രസ്തുത ഭൂമി വർഷങ്ങൾക്കുമുമ്പേ പഞ്ചായത്തിന് ലഭിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ കെട്ടിടം നിർമിക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിനുള്ള സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും നിർമ്മാണപ്രവൃത്തി ആരംഭിക്കാതെ, ഇതര

ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ സാധിക്കുന്ന ഗണ്യമായ തുക വാടകയിനത്തിൽ നഷ്ടപ്പെടുത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. ആകയാൽ തുടർന്നു വരുന്ന വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 പണം നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല

**1. പാലിയേറ്റീവ് കെയർ – മരുന്നുകൾ ലഭ്യമാക്കാത്തത്**

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പെരുവന്താനം |
| **പദ്ധതി നം.** | 33/2019 |
| **പദ്ധതിയുടെ പേര്** | പാലിയേറ്റീവ് കെയർ |
| **പദ്ധതി അടങ്കൽ** | ₹6,50,000/- |
| **ബിൽ നം./തീയതി/തുക** | 20/2018-19 തീ. 22.02.2019, ₹1,74,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 22.02.2019ന് ₹1,74,000/- നൽകിയിട്ടും നാളിതുവരെയായും മരുന്ന് ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**2. പി.എച്ച്.സി. മരുന്ന് വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല**

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പെരുവന്താനം |
| **പദ്ധതി നം** | 36/2019 |
| **പദ്ധതിയുടെ പേര്** | പി.എച്ച്.സി. മരുന്ന് വാങ്ങൽ |
| **പദ്ധതി അടങ്കൽ** | ₹50,000/- |

| | |
|---|---|
| **ബിൽ നം./തിയതി/തുക** | 18/2018-19 തീ. 12.02.2019, ₹50,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 12.02.2019ന് ₹50,000/- നൽകിയിട്ടുണ്ട്.താഴെ പറയും പ്രകാരം ₹47,272/-യുടെ മരുന്നുകളാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | തുക ₹ |
|---|---|---|
| 1 | 4124/08.07.2019 | 26082 |
| 2 | 4126/08.07.2019 | 21190 |
| | **ആകെ** | **47272** |

അവശേഷിക്കുന്ന ₹2,728/-യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3. ഗവ. ഹോമിയോ ഡിസ്പെൻസറി - മരുന്നുകൾ ലഭ്യമായിട്ടില്ല**

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | **മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, കോരുത്തോട്** |
| **പദ്ധതി നം** | 83/2019 |
| **പദ്ധതിയുടെ പേര്** | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| **പദ്ധതി അടങ്കൽ** | ₹1,00,000/- |
| **ബിൽ നം./തിയതി/തുക** | 4/2018-19 തീ. 30.01.19, ₹1,00,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്. ഫാർമസി ലിമി. ആലപ്പുഴയ്ക്ക് 30.01.2019ന് ₹1,00,000/- നൽകിയിട്ടും നാളിതുവരെയായും മരുന്ന് ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി

| | |
|---|---|
| **നിർവഹണ ഉദ്യോഗസ്ഥൻ** | വെറ്ററിനറി സർജൻ |
| **പ്രോജക്ട് നമ്പർ** | എസ്.064/2019 |

| | |
|---|---|
| **ചെലവഴിച്ച തുക** | ₹6,12,500/- (വികസന ഫണ്ട്) |
| **ചെലവ് വിശദാംശങ്ങൾ** | അനിമൽ ഹസ്ബെന്ററി ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ തൊടുപുഴ സബ് ട്രഷറിയിലുള്ള 799012700000084 നമ്പർ അക്കൗണ്ടിലേക്ക് 24.11.2018, 26.03.2018-എന്നി തീയതികളിൽ നേരിട്ട് ക്രെഡിറ്റ് ചെയ്തു. |

49 ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. എന്നാൽ കാലിത്തീറ്റ വിതരണം ചെയ്യുന്ന ക്ഷീരസംഘങ്ങളുടെയും പ്രോജക്ട് ആരംഭിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൈമാറിയ തുക മുതനിക്ഷേപമായി സൂക്ഷിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും പദ്ധതിയുടെ പൂർത്തീകരണ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് (പ്രോജക്ട് കാലാവധി 32 മാസം) വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 എ.ബി.സി പ്രോഗ്രാം - കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങളില്ല

**നിർവഹണ ഉദ്യോഗസ്ഥൻ :- വെറ്ററിനറി സർജൻ**

തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനും അനുബന്ധ പരിചരണത്തിനുമായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം (എസ്.066/2019) കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് ₹1,89,000/- കൈമാറിയിട്ടുണ്ട് (ബിൽ നം. GP1/2018-19 തീയതി. 29.06.2018). പ്രസ്തുത തുകയുടെ വിനിയോഗ വിവരങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ആകയാൽ ₹1,89,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 കോസ്റ്റ് ഇൻഡക്സ് നിരക്ക് മാറിയതനുസരിച്ച് - എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല

കോസ്റ്റ് ഇൻഡക്സ് നിരക്ക് 59.8%ൽ നിന്ന് 01.10.2017 പ്രാബല്യത്തിൽ 54.9% ആയി കുറഞ്ഞു എങ്കിലും ആയതിനനുസരിച്ച് താഴെപ്പറയുന്ന പദ്ധതികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ കോസ്റ്റ് ഇൻഡക്സ് 54.9% ആയി കുറഞ്ഞുവെങ്കിലും ആയത് പരിഗണിക്കാതെ 59.8% കോസ്റ്റ് ഇൻഡക്സിൽ മുമ്പ് തയ്യാറാക്കി വച്ചിരുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. അടങ്കൽ | ബിൽ നം. | സാങ്കേതികാനുമതി | ടെണ്ടർ നം. | എഗ്രിമെന്റ് നം. |
|---|---|---|---|---|---|
| 1 | അമ്പലം പാലൂർക്കാവ് റോഡ് ടാറിംഗ് 135/19 ₹3,63,000/- | 48/28.12.18 ₹3,05,595/- | 70546/2017-18 14.09.2017 | 2/ AE/LSGD/ PVM/2017-18 DT.09.11.2017. | 30/AE/LSGD/ PVM/2017-18 DT.14.12.2017 |
| 2 | തെക്കേമല കാർഷിക | 40/19.12.18 | 61356/2017-18 | 2/ AE/LSGD/ | 32/AE/LSGD/ |

| | | | | | |
|---|---|---|---|---|---|
| | വിപണനകേന്ദ്രം 124/19 ₹2,00,000/- | ₹1,99,864/- | 17.08.2017 | PVM/2017-18 DT.09.11.2017. | PVM/2017-18 DT.15.12.2017 |

01.10.2017 പ്രാബല്യത്തിൽ 54.9% ആയി കുറഞ്ഞ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയായിരുന്നു പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടിയിരുന്നത്. മേൽ പദ്ധതികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് ₹15,691/-നഷ്ടം സംഭവിച്ചിരിക്കുന്നു.

## 1-25 GST ഈടാക്കിയിട്ടില്ല - നഷ്ടം ₹16,158/-

സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻറ് കസ്റ്റംസിന്റെ സർക്കുലർ നം. 65/39/2018 DOR തീയതി. 14.09.2018 പ്രകാരം 01.10.2018 മുതൽ ഒറ്റ കോൺട്രാക്ടറിൽ ₹2,50,000/- അധികം മൂല്യമുള്ള മരാമത്ത് പ്രവൃത്തികൾക്ക് കരാറുകാരിൽ നിന്ന് 2% GST ഈടാക്കി ഒടുക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് GST കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല.

**നിർവ്വഹണം - അസി. എഞ്ചിനിയർ**

| പ്രോജക്ട് നം./അടങ്കൽ | ബിൽ നം | പ്രവൃത്തിമൂല്യം ₹ | ഈടാക്കേണ്ട GST (2%) |
|---|---|---|---|
| തെക്കേമല കാർഷിക വിപണനകേന്ദ്രം 124/19, ₹2,70,000/- | 33/22.11.18 ₹ 269635/- | 269635 | 5393 |
| മതമ്പ കൊമ്പൻപാറ റോഡ് നവീകരണം 37/19, ₹2,70,000/- | 37/19.12.18 ₹ 269890/- | 269890 | 5398 |
| പാലൂർക്കാവ് മഠം കുളത്തോട്ടുകാവ്, 60/19 ₹2,70,000/- | 35/24.11.18 ₹ 268354/- | 268354 | 5367 |
| | | **ആകെ** | **16158** |

മേൽ പ്രവൃത്തികളിൽ നിന്ന് GST ഈടാക്കാത്തതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ₹16,158/- നഷ്ടം

സംഭവിച്ചിരിക്കുന്നു.

കരാറുകാരിൽ നിന്ന് GST ഈടാക്കാത്തത് ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.9/03.09.2019ന് മറുപടി ലഭ്യമാക്കിയില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സംഭവിച്ചിരിക്കുന്ന നഷ്ടം ₹16,158/- നിർവ്വഹണോദ്യോഗസ്ഥനായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-26 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ-7/11350/2015/സി.ഇ/തസ്വഭവ./തീയതി.19.01.2017 സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അസി. എഞ്ചിനീയർ തയ്യാറാക്കി സൂക്ഷിക്കേണ്ട താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. റോഡ് രജിസ്റ്റർ.

2.ദർഘാസ് ഫോറരജിസ്റ്റർ.

3.അടങ്കൽ അനുമതി രജിസ്റ്റർ.

4.ഇ.എം.ഡി. രജിസ്റ്റർ.

5.കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ.

6.വെൽഫയർ ഫണ്ട് രജിസ്റ്റർ.

7. പ്രോജക്ട് രജിസ്റ്റർ.

8.എസ്റ്റിമേറ്റ് രജിസ്റ്റർ.

രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതും ആയത് പരിഹരിക്കേണ്ടതുമാണ്.

## 1-27 ഭവന പുനരുദ്ധാരണം- പൂർത്തിയാക്കാത്തത്

| | |
|---|---|
| **നിർവ്വഹണം** | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| **പദ്ധതി നം.** | 153/2019 |
| **പദ്ധതി** | വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) |
| **ബിൽ നം.** | 28/2018-19 തീ: 03.11.2018 തുക ₹50,000/- |

വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം ശ്രീ. പി. സി. ശശിമോൻ, പുളിക്കൽകുന്നേൽ, പുള്ളിപ്പാറ എന്ന

ഗുണഭോക്താവിന് മേൽ പരാമർശിത ബിൽ പ്രകാരം ₹50,000/- മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണ വേല നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. ഭവന പുനരുദ്ധാരണ വേല പൂർത്തിയാക്കി വാല്യുവേഷൻ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവനപദ്ധതി-അവലോകനം

**1)ഫണ്ട് വിശകലനം**

തൻ വർഷം ലൈഫ് ഭവന പദ്ധതിക്കായി വിവധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| തനത് | പൊതു വിഭാഗം | 3200000 | 3200000 |
| | എസ്. സി.പി | 800000 | 800000 |
| | റ്റി.എസ്.പി | 400000 | 400000 |
| ബ്ലോക്ക്പഞ്ചായത്ത് | പൊതു വിഭാഗം | 1000000 | 1000000 |
| | എസ്. സി.പി | 800000 | 800000 |
| | റ്റി.എസ്.പി | 80000 | 80000 |
| ജില്ലാപഞ്ചായത്ത് | പൊതു വിഭാഗം | 2836097 | 2836097 |
| ഹഡ്കോ വായ്പ | | 23188349 | 23187806 |
| സംസ്ഥാന വിഹിതം | | 5400000 | 5400000 |

**ബി. ഗുണഭോക്തൃ വിശകലനം**

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 133 | 16 | 4 | 153 |

| | | | | |
|---|---|---|---|---|
| പണി തുടങ്ങാത്തത് | 2 | 2 | 1 | 5 |
| തുടങ്ങിയത് | 15 | 1 | 0 | 16 |
| തറ തീർന്നത് | 37 | 4 | 2 | 43 |
| ലിന്റൽ തീർന്നത് | 13 | 2 | 0 | 15 |
| മേൽക്കൂര തീർന്നത് | 20 | 3 | 0 | 23 |
| പണി തീർന്നത് | 46 | 4 | 1 | 51 |

## 1-29 എന്റെ നാട് ശുചിത്വ നാട് - പദ്ധതി നടത്തിപ്പിൽ വൻ ക്രമക്കേടുകൾ

| | |
|---|---|
| **നിർവഹണ ഉദ്യോഗസ്ഥൻ** | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| **പ്രോജക്ട് നം.** | എസ്. 144/2019 |
| **അടങ്കൽ തുക** | ₹4,00,000/- ( സമ്പൂർണ ശുചിത്വ മിഷൻ വിഹിതം) |

**ചെലവഴിച്ച തുകയുടെ വിവരങ്ങൾ**

| ഇനം | തുക ₹ | വൗച്ചർ നം/ചെക്ക് നം/തീയതി |
|---|---|---|
| JCB, ടിപ്പർ വാടക | 180840 | ചെക്ക് നം.8633/തീ.06.06.2018 |
| ഫ്ലക്സ് പ്രിന്റിംഗ് | 23128 | ചെക്ക് നം.8634/തീ.06.06.2018 |
| മൈക്ക് സെറ്റ്, വാഹന വാടക | 23250 | ചെക്ക് നം.8635/തീ.06.06.2018 |
| ഫോട്ടോ, വീഡിയോ എടുത്ത ചെലവ് | 8000 | ചെക്ക് നം.8636/തീ.06.06.2018 |
| **നോട്ടീസ് ബോർഡ് സ്ഥാപിക്കൽ**<br>കരാറുകാരന്റെ വിഹിതം | 58604 | വൗച്ചർ നം.41800221/തീ.31.03.2018 |
| **നോട്ടീസ് ബോർഡ് സ്ഥാപിക്കൽ**<br>നികുതി വിഹിതം | 1196 | വൗച്ചർ നം.41800222/തീ.31.03.2018 |

| | | |
|---|---|---|
| **ഒട്ടാകെ** | 295018 | |

സമ്പൂർണ ശുചിത്വ മിഷൻ വിഹിതമായി ലഭിച്ച **നാല് ലക്ഷം** രൂപ വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ ശുചീകരിക്കുക, ബോധവത്ക്കരണ ക്ലാസുകൾ നടത്തുക, മാലിന്യ നിക്ഷേപം നിയന്ത്രിക്കുന്നതിന് നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുക, ലഘുലേഖകൾ വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്.

**പ്രോജക്ടിന്റെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.**

1. ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ നിർവഹണാനുമതി അനിവാര്യമാണ്. എന്നാൽ പ്രസ്തുത അംഗീകാരം ടി പ്രൊജക്റ്റിന് നേടിയതിന് രേഖയില്ല.

2. ഗ്രാമപഞ്ചായത്തിൽ ആകെ പതിനാല് വാർഡുകളാണുള്ളത്. പ്രസ്തുത പ്രദേശങ്ങളിൽ സംഭരിച്ചിട്ടുള്ളതും നീക്കം ചെയ്യേണ്ടതുമായ മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഏതാനും വാർഡുകളിൽ മാത്രം പ്രവർത്തനം നടന്നതായാണ് രേഖ സൂക്ഷിച്ചിരിക്കുന്നത്. ഏതാനും വാർഡുകളിലെ മാത്രം മാലിന്യം നീക്കിയതിൽ പരിമിതപ്പെട്ട പ്രോജക്ടിലൂടെ ശുചിത്വ ഗ്രാമം എന്ന ലക്ഷ്യം എപ്രകാരം കൈവരിക്കപ്പെട്ടുവെന്ന് വ്യക്തമല്ല.

3. ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ പൂർണമായി നടപ്പാക്കാതെയും അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തിയുമാണ് പ്രോജക്ട് പൂർത്തീകരിച്ചത്. ശുചിത്വ പാലനം, ഖരമാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്താനും ലഘുലേഖകൾ വിതരണം ചെയ്യുവാനും ലക്ഷ്യമിട്ടിരുന്നുവെങ്കിലും അത് നടപ്പായില്ല. പകരം ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി തുടങ്ങിയ പ്രവർത്തനങ്ങൾക്കും (₹8,000/-) ഫ്ലക്സ് പ്രിന്റിംഗിനുമാണ് (₹23,128/-) തുക ചെലവഴിച്ചിരിക്കുന്നത്. അവയുടെ ആവശ്യകതയെന്തെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇവയ്ക്കായി തുക ചെലവഴിച്ചതിന് വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചിത്രീകരിച്ചതായി പറയുന്ന ഫോട്ടോ-കളോ, സീഡി-കളോ, ഫ്ലക്സിന്റെ ഉപയോഗം സംബന്ധിച്ച രേഖകളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. മാലിന്യനീക്കം ബന്ധപ്പെട്ട വാർഡ് അംഗങ്ങളോ ക്ഷമതയുള്ള ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നിർവഹണം മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുമില്ല.

5. ശുചിത്വ പരിപാലനം ഉറപ്പാക്കുവാൻ പതിന്നാല് വാർഡുകളിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും (58604 + 1196 =₹60,818/-) അവ സ്ഥാപിക്കപ്പെട്ടതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

6. ടിപ്പർ ലോറി ഉപയോഗിച്ച് നടത്തിയ മാലിന്യനീക്കം ചെയ്യലിനെ സാധൂകരിക്കുന്നതിനായി സൂക്ഷിച്ചിട്ടുള്ള രേഖകളിലും ഗുരുതരമായ അപാകതകൾ കാണുന്നു. രേഖകൾ പ്രകാരം, 26.05.2018, 27.05.2018, 28.05.2018

എന്നീ തീയതികളിലാണ് മാലിന്യം ശേഖരിച്ച് ഡമ്പിംഗ് യാഡിൽ എത്തിച്ചത്. ഇതിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ പ്രതിദിനം 7am മുതൽ 7pm വരെ {11.30 മണിക്കൂർ (അര മണിക്കൂർ വിശ്രമം)} ഒരു സ്ഥലത്തെ മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിച്ചതായാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിക്കുന്നത്. എന്നാൽ ഒരേ ടിപ്പർ ലോറി ഒരു ദിവസം തന്നെ പല സ്ഥലങ്ങളിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയ ട്രിപ്പ് ഷീറ്റുകൾ അടിസ്ഥാനപ്പെടുത്തിയാണ് വാഹന വാടക അനുവദിച്ചത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രിപ്പ് ഷീറ്റ് നം/ തീയതി | വാഹനം ഉപയോഗിച്ച തീയതി | സമയം | സഞ്ചരിച്ച സ്ഥലം | ട്രിപ്പുകളുടെ എണ്ണം | അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|
| | ടിപ്പർ ലോറി നം.KL35C-2845 | | | | | |
| 1 | 121/27.5.18 | 27.5.18 | 7am-7pm | പെരുവന്താനം-മണിക്കൽ | 6 | 12960 |
| 2 | 122/27.5.18 | 27.5.18 | 7am-7pm | ചെറുവള്ളിക്കുളം -മണിക്കൽ | 3 | 6840 |
| 3 | 124/27.5.18 | 27.5.18 | 7am-7pm | മുക്കുഴി-മണിക്കൽ | 3 | 10080 |
| 4 | 125/27.5.18 | 27.5.18 | 7am-7pm | മൂക്കൻപെട്ടി-മണിക്കൽ | 2 | 11880 |
| | ടിപ്പർ ലോറി നം.KL37C-8464 | | | | | |
| 5 | 112/26.5.18 | 26.5.18 | 7am-7pm | കുപ്പക്കയം-മണിക്കൽ | 3 | 6840 |
| 6 | 114/26.5.18 | 26.5.18 | 7am-7pm | കണയങ്കവയൽ-മണിക്കൽ | 4 | 8160 |
| 7 | 117/26.5.18 | 26.5.18 | 7am-7pm | അമലഗിരി-മണിക്കൽ | 3 | 6840 |
| 8 | 118/26.5.18 | 26.5.18 | 7am-7pm | 1-ാം വാർഡ്-മണിക്കൽ | 7 | 9240 |

ഒരേ വാഹനത്തിന് ഒരു സമയം ഒന്നിലധികം സ്ഥലങ്ങളിൽ ഭൗതികമായി പ്രവർത്തിക്കുവാൻ കഴിയാത്തതിനാൽ ഓരോ ലോറിയുടെയും ഒരു തീയതിയിൽ നടത്തിയ ഒരു യാത്ര മാത്രം (ഉയർന്ന തുകകൾ)(ക്രമ നം.1, ക്രമ നം.8) അംഗീകരിക്കുന്നു. ക്രമ നം. 2 മുതൽ 7 വരെയുള്ള തുക

₹50,640/-(6840+10080+11880+6840+8160+6840) സാങ്കേതികമായി നിലനിൽപ്പില്ലാത്ത രേഖകളുടെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെട്ടതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

7.ഒന്നാം വാർഡിൽനിന്ന് 12 ലോഡ് മാലിന്യങ്ങൾ നീക്കം ചെയ്തതായാണ് ട്രിപ്പ് ഷീറ്റിലെ രേഖപ്പെടുത്തൽ. എന്നാൽ ചെറിയ തെരുവുപോലുമില്ലാത്ത തികച്ചും തോട്ടം മേഖലയായ ഒന്നാം വാർഡിൽ ഇത്ര ഭീമമായ അളവിൽ മാലിന്യം സംഭരിച്ചിരുന്നുവെന്നത് വിശ്വസനീയമല്ല.

8. മൂന്ന് ദിവസങ്ങളിലായി ആകെ 68 ലോഡ് മാലിന്യം നീക്കം ചെയ്തതായാണ് രേഖകളിൽ കാണുന്നത്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഡമ്പിംഗ് യാഡ് ഇല്ല. ശേഖരിച്ച മാലിന്യം മണിക്കൽ എസ്റ്റേറ്റിൽ എത്തിച്ചുവെന്നാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ ,പരിസ്ഥിതിക്ക് ദോഷം തട്ടാതെ (പ്രോജക്ടിന്റെ പേര് എന്റെ നാട് ശുചിത്വ നാട് എന്നതാണെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്). എപ്രകാരം അത് സംസ്കരിക്കപ്പെട്ടുവെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഇത്ര വലിയ അളവിലുള്ള മാലിന്യം (യഥാർത്ഥത്തിൽ നീക്കം ചെയ്തിട്ടുള്ളപക്ഷം) ശരിയായ രീതിയിൽ സംസ്കരിക്കാതെ നിക്ഷേപിക്കുന്നത് വായു-ജല-ഭൂ മലിനീകരണത്തിന് ഹേതുവാകുകയും പ്രോജക്ടിന്റെ ലക്ഷ്യം തന്നെ തമസ്കരിക്കുന്നതിന് ഇടവരുത്തുന്നതാണ്.

പ്രോജക്ട് നിർവഹണത്തിന്റെ നിജസ്ഥിതി വെളിവാകുന്നതിന് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-30 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കുന്നില്ല

താഴെ പരാമർശിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ തൻവർഷം ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നം. | ഇനം | അവശേഷിക്കുന്ന തുക ₹ |
|---|---|---|
| 1 | ടോട്ടൽ സാനിറ്റേഷൻ | 1014369 |
| 2 | ഐ.സി.ഡി.എസ്. | 236722 |
| 3 | ഒ.ഡി.എഫ്. | 460800 |
| 4 | ശുചിത്വ മിഷൻ | 2572124 |
| 5 | ശബരിമല | 208412 |

| | | |
|---|---|---|
| 6 | വിമുക്തി | 614669 |

പ്രത്യേക ഉദ്ദേശ്യഗ്രാന്റ് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-31 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

2018-19 വർഷം നടപ്പാക്കിയ പദ്ധതികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | പദ്ധതി | അപാകതകൾ |
|---|---|---|
| 1 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഓഫീസ് ചെലവുകൾ (43/19) | 1. വൗച്ചർ നം.21801093/18.03.19 പ്രകാരം ₹50,000/- പിൻവലിച്ച് മെഡിക്കൽ ഓഫീസർ(ഹോമിയോ)-ക്ക് നൽകി. |
| | | 2. വൗച്ചർ നം.21801094/18.03.19 പ്രകാരം ₹10,000/- പിൻവലിച്ച് വെറ്ററിനറി സർജന് നൽകി. |
| | | 3. വൗച്ചർ നം.21801095/18.03.19 പ്രകാരം ₹60,000/- പിൻവലിച്ച് മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)-ക്ക് നൽകി. |
| | | 4. വൗച്ചർ നം.21801096/18.03.19 പ്രകാരം ₹30,000/- പിൻവലിച്ച് ഹെഡ്മാസ്റ്റർ, ഗവ. യു.പി. സ്കൂളിന് നൽകി.<br>എന്നാൽ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയില്ല. |
| 2 | ടെക്നിക്കൽ അസിസ്റ്റന്റിന് ശമ്പളം (22/19) | 1. ബിൽ നം.26/18-19/28.07.18/84000/- തനതു ഫണ്ടിൽ നിന്ന് ശമ്പളം നൽകിയത് തിരിച്ച് പിടിച്ചത്. |
| | | 2. ബിൽ നം.64/18-19/15.11.18/85680/- ജിനു കൃഷ്ണൻ, റ്റി.എ.-യ്ക്ക് ശമ്പളം നൽകിയത്. |
| | | 3. ബിൽ നം.76/18-19/5.01.19/21420/- തനതു ഫണ്ടിൽ നിന്ന് ശമ്പളം നൽകിയത് തിരിച്ച് പിടിച്ചത്. |
| | | 4. ബിൽ നം.78/18-19/11.01.19/21420/- ജിനു കൃഷ്ണൻ, റ്റി.എ.-യ്ക്ക് ശമ്പളം നൽകിയത്. |
| | | 5. ബിൽ നം.92/18-19/7.03.19/21420/- ജിനു കൃഷ്ണൻ, റ്റി.എ.-യ്ക്ക് ശമ്പളം നൽകിയത്. |
| | | 6. ബിൽ നം.93/18-19/20.03.19/21420/- തനതുഫണ്ടിൽ നിന്ന് ശമ്പളം നൽകിയത് തിരിച്ച് പിടിച്ചത്.<br>തനതുഫണ്ടിൽ നിന്ന് ശമ്പളം നൽകിയത് ഏതു മാസത്തെയെന്നോ, തിരിച്ചുപിടിച്ചത്, ബാക്കി നിൽക്കുന്നത് തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല. |
| 3 | മൂഴിക്കൽ കാനനപാതയിൽ താൽക്കാലിക ലൈറ്റുകൾ സ്ഥാപിക്കൽ (200/19) | **അടങ്കൽ- (എക്സ്റ്റേണൽ എയ്ഡഡ് പരിപാടി)** ₹50,000/-<br>ശബരിമല സീസണോടനുബന്ധിച്ച് അയ്യപ്പ ഭക്തൻമാരുടെ ക്ഷേമത്തിനായി കാനനപാതയിൽ താൽക്കാലിക ലൈറ്റുകൾ സ്ഥാപിക്കുന്നതാണ് പദ്ധതി.<br>1. ക്വട്ടേഷൻ അനുസരിച്ച് 9 വാട്ടിന്റെ 145 LED ബൾബുകളും മറ്റ് അനുബന്ധ സാധനങ്ങളും നൽകിയതിന് TCM Electrical, മുണ്ടക്കയം എന്ന സ്ഥാപനം ₹25,700/- കൈപ്പറ്റിയതായി രേഖയുണ്ട്. എന്നാൽ തുക പിൻവലിച്ചതിന്റെയും സാധനങ്ങൾ സ്റ്റോക്ക് ചെയ്തതിന്റെയും ലൈറ്റുകൾ സ്ഥാപിച്ചതിന്റെയും രേഖകളില്ല. |
| | | 2. 85 പോസ്റ്റിൽ ലൈറ്റ് സ്ഥാപിച്ചതിന് ₹8,500/-, മുക്കുഴി ഹെൽത്ത് സെന്ററിൽ മെയിന്റനൻസ് നടത്തിയതിന് ₹2,000/- നൽകണമെന്ന് അരുൺ പി. എന്നയാളുടെ കത്തുണ്ട്. എന്നാൽ തുക നൽകിയ വിവരങ്ങളില്ല. |

| | | |
|---|---|---|
| | | 3. 60 പോസ്റ്റിൽ ലൈറ്റ് സ്ഥാപിച്ചതിന് ₹6,000/- കൈപ്പറ്റിയതായി നാസർ എ.എസിന്റെ കത്തുണ്ട്. തുക പിൻവലിച്ച വിവരങ്ങളില്ല. |
| | | 4. ശബരിമല സ്പെഷ്യൽ ഫണ്ടിന്റെ ACR ഇല്ല. |
| 4 | തെരുവുവിളക്ക് സ്ഥാപിക്കൽ (91/19) | തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങളില്ല. |

മേൽ പരാമർശിച്ച അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-32 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ₹1,04,707/- രൂപയുടെ സ്റ്റേഷനറി ലഭിക്കുവാൻ അവശേഷിക്കുന്നത്

വൗച്ചർ നം. 51800113/23.5.18 പ്രകാരം ഓഫീസ് സ്റ്റേഷനറി ലഭിക്കുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് ₹1,58,827/- നൽകിയിട്ടുണ്ട്. എന്നാൽ 18.07.18-ൽ ₹54,120/-യുടെ സ്റ്റേഷനറി മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന ₹1,04,707/-യുടെ സ്റ്റേഷനറി ലഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 കോസ്റ്റ് ഇൻഡക്സ് നിരക്ക് മാറിയതനുസരിച്ച് - എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല - നഷ്ടം ₹15,499/-

കോസ്റ്റ് ഇൻഡക്സ് നിരക്ക് 59.8%ൽ നിന്ന് 01.10.2017 പ്രാബല്യത്തിൽ 54.9% ആയി കുറഞ്ഞുവെങ്കിലും ആയതിനനുസരിച്ച് താഴെപ്പറയുന്ന പദ്ധതികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ കോസ്റ്റ് ഇൻഡക്സ് 54.9% ആയി കുറഞ്ഞുവെങ്കിലും ആയത് പരിഗണിക്കാതെ 59.8% കോസ്റ്റ് ഇൻഡക്സിൽ മുൻപ് തയ്യാറാക്കി വച്ചിരുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**നിർവ്വഹണം – അസി.എഞ്ചിനീയർ**

| പ്രോജക്ട് നം. | അടങ്കൽ ₹ | ബിൽ നം. | സാങ്കേതികാനുമതി | ടെണ്ടർ നം. | എഗ്രിമെന്റ് നം. |
|---|---|---|---|---|---|
| അമ്പലം പാലൂർക്കാവ് റോഡ് ടാറിംഗ്.135/19 | 363000 | 48/28.12.18<br>₹3,05,595/- | 70546/2017-18<br>14.09.2017 | 2/AE/LSGD/<br>PVM/2017-18<br>DT.09.11.2017 | 30/AE/LSGD/<br>PVM/2017-18<br>DT.14.12.2017 |
| തെക്കേമല കാർഷിക വിപണനകേന്ദ്രം .124/19 | 200000 | 40/19.12.18<br>₹1,99,864/- | 61356/2017-18<br>17.08.2017 | 2/ AE/LSGD/<br>PVM/2017-18<br>DT.09.11.2017 | 32/AE/LSGD/<br>PVM/2017-18<br>DT.15.12.2017 |

01.10.2017 പ്രാബല്യത്തിൽ 54.9% ആയി കുറഞ്ഞ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയായിരുന്നു പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടിയിരുന്നത്. മേൽ പദ്ധതികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ താഴെപ്പറയുന്ന രീതിയിൽ പഞ്ചായത്തിന്

നഷ്ടം സംഭവിച്ചിരിക്കുന്നു.

| പ്രോജക്ട് | 59.8% കോസ്റ്റ് ഇൻഡക്സിൽ ആകെ പ്രവൃത്തിമൂല്യം ₹ | 54.9%കോസ്റ്റ് ഇൻഡക്സ് അനിവദിക്കാമായിരുന്ന തുക | അധികം നൽകിയ തുക ₹ |
|---|---|---|---|
| അമ്പലം പാലൂർക്കാവ് റോഡ് ടാറിംഗ് | 305595/- | 305595x100/159.8x154.9/100 =296224.00 | 9371 |
| തെക്കേമല കാർഷിക വിപണനകേന്ദ്രം | 199864/- | 199864x100/159.8x154.9/100 =193736.00 | 6128 |
| **ആകെ** | | | **15499** |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം.8-ന് മറുപടി ലഭ്യമാക്കിയില്ല. ആകെ അധികം നൽകിയ തുക ₹15,499/- നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 എന്റെ നാട് ശുചിത്വ നാട് പദ്ധതി നടത്തിപ്പിൽ വൻ ക്രമക്കേടുകൾ

| | |
|---|---|
| **നിർവഹണ ഉദ്യോഗസ്ഥൻ** | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| **പ്രോജക്ട് നം.** | എസ്. 144/2019 |
| **അടങ്കൽ തുക** | ₹4,00,000/- (സമ്പൂർണ ശുചിത്വ മിഷൻ വിഹിതം) |

**ചെലവഴിച്ച തുകയുടെ വിവരങ്ങൾ**

| ഇനം | തുക ₹ | വൗച്ചർ നം/ചെക്ക് നം/തീയതി |
|---|---|---|
| JCB, ടിപ്പർ വാടക | 180840 | ചെക്ക് നം.8633/തീ.06.06.2018 |
| ഫ്ലക്സ് പ്രിന്റിംഗ് | 23128 | ചെക്ക് നം.8634/തീ.06.06.2018 |

| | | |
|---|---|---|
| മൈക്ക് സെറ്റ്, വാഹന വാടക | 23250 | ചെക്ക് നം.8635/തീ.06.06.2018 |
| ഫോട്ടോ, വീഡിയോ എടുത്ത ചെലവ് | 8000 | ചെക്ക് നം.8636/തീ.06.06.2018 |
| **നോട്ടീസ് ബോർഡ് സ്ഥാപിക്കൽ**<br>കരാറുകാരന്റെ വിഹിതം | 58604 | വൗച്ചർ നം.41800221/തീ.31.03.2018 |
| **നോട്ടീസ് ബോർഡ് സ്ഥാപിക്കൽ**<br>നികുതി വിഹിതം | 1196 | വൗച്ചർ നം.41800222/തീ.31.03.2018 |
| **ഒട്ടാകെ** | **295018** | |

സമ്പൂർണ ശുചിത്വ മിഷൻ വിഹിതമായി ലഭിച്ച **നാല് ലക്ഷം** രൂപ വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ ശുചീകരിക്കുക, ബോധവത്ക്കരണ ക്ലാസുകൾ നടത്തുക, മാലിന്യ നിക്ഷേപം നിയന്ത്രിക്കുന്നതിന് നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുക, ലഘുലേഖകൾ വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്.

**പ്രോജക്ടിന്റെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.**

1. ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ നിർവഹണാനുമതി അനിവാര്യമാണ്. എന്നാൽ പ്രസ്തുത പ്രൊജക്ടിന് അംഗീകാരം ടി പ്രൊജക്ടിന് നേടിയതിന് രേഖയില്ല.

2. ഗ്രാമപഞ്ചായത്തിൽ ആകെ പതിന്നാല് വാർഡുകളാണുള്ളത്. പ്രസ്തുത പ്രദേശങ്ങളിൽ സംഭരിച്ചിട്ടുള്ളതും നീക്കം ചെയ്യേണ്ടതുമായ മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഏതാനും വാർഡുകളിൽ മാത്രം പ്രവർത്തനം നടന്നതായാണ് രേഖ സൂക്ഷിച്ചിരിക്കുന്നത്. ഏതാനും വാർഡുകളിലെ മാത്രം മാലിന്യം നീക്കിയതിൽ പരിമിതപ്പെട്ട പ്രോജക്ടിലൂടെ ശുചിത്വ ഗ്രാമം എന്ന ലക്ഷ്യം എപ്രകാരം കൈവരിക്കപ്പെട്ടുവെന്ന് വ്യക്തമല്ല.

3. ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ പൂർണമായി നടപ്പാക്കാതെയും അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തിയുമാണ് പ്രോജക്ട് പൂർത്തീകരിച്ചത്. ശുചിത്വ പാലനം, ഖരമാലിന്യ സംസ്ക്കരണം തുടങ്ങിയ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്താനും ലഘുലേഖകൾ വിതരണം ചെയ്യുവാനും ലക്ഷ്യമിട്ടിരുന്നുവെങ്കിലും അത് നടപ്പായില്ല. പകരം ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി തുടങ്ങിയ പ്രവർത്തനങ്ങൾക്കും (₹8,000/-) ഫ്ലക്സ് പ്രിന്റിംഗിനുമാണ് (₹23,128/-) തുക ചെലവഴിച്ചിരിക്കുന്നത്. അവയുടെ ആവശ്യകതയെന്തെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇവയ്ക്കായി തുക ചെലവഴിച്ചതിന് വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചിത്രീകരിച്ചതായി പറയുന്ന ഫോട്ടോ-കളോ, സീഡി-കളോ, ഫ്ലക്സിന്റെ ഉപയോഗം സംബന്ധിച്ച രേഖകളോ ഫയലിൽ

ഉൾപ്പെടുത്തിയിട്ടില്ല.

4. മാലിന്യനീക്കം ബന്ധപ്പെട്ട വാർഡ് അംഗങ്ങളോ ക്ഷമതയുള്ള ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നിർവഹണം മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുമില്ല.

5. ശുചിത്വ പരിപാലനം ഉറപ്പാക്കുവാൻ പതിന്നാല് വാർഡുകളിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും (58604 + 1196 =₹60,818/-) അവ സ്ഥാപിക്കപ്പെട്ടതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

6. ടിപ്പർ ലോറി ഉപയോഗിച്ച് നടത്തിയ മാലിന്യനീക്കം ചെയ്യലിനെ സാധൂകരിക്കുന്നതിനായി സൂക്ഷിച്ചിട്ടുള്ള രേഖകളിലും ഗുരുതരമായ അപാകതകൾ കാണുന്നു. രേഖകൾ പ്രകാരം, 26.05.2018, 27.05.2018, 28.05.2018 എന്നീ തീയതികളിലാണ് മാലിന്യം ശേഖരിച്ച് ഡമ്പിംഗ് യാഡിൽ എത്തിച്ചത്. ഇതിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ പ്രതിദിനം 7am മുതൽ 7pm വരെ {11.30 മണിക്കൂർ (അര മണിക്കൂർ വിശ്രമം)} ഒരു സ്ഥലത്തെ മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിച്ചതായാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിക്കുന്നത്. എന്നാൽ ഒരേ ടിപ്പർ ലോറി ഒരു ദിവസം തന്നെ പല സ്ഥലങ്ങളിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയ ട്രിപ്പ് ഷീറ്റുകൾ അടിസ്ഥാനപ്പെടുത്തിയാണ് വാഹന വാടക അനുവദിച്ചത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രിപ് ഷീറ്റ് നം/ തീയതി | വാഹനം ഉപയോഗിച്ച തീയതി | സമയം | സഞ്ചരിച്ച സ്ഥലം | ട്രിപ്പുകളുടെ എണ്ണം | അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|
| | ടിപ്പർ ലോറി നം.KL35C-2845 | | | | | |
| 1 | 121/27.5.18 | 27.5.18 | 7am-7pm | പെരുവന്താനം-മണിക്കൽ | 6 | 12960 |
| 2 | 122/27.5.18 | 27.5.18 | 7am-7pm | ചെറുവള്ളിക്കുളം -മണിക്കൽ | 3 | 6840 |
| 3 | 124/27.5.18 | 27.5.18 | 7am-7pm | മുക്കുഴി-മണിക്കൽ | 3 | 10080 |
| 4 | 125/27.5.18 | 27.5.18 | 7am-7pm | മൂക്കൻപെട്ടി-മണിക്കൽ | 2 | 11880 |
| | ടിപ്പർ ലോറി നം.KL37C-8464 | | | | | |
| 5 | 112/26.5.18 | 26.5.18 | 7am-7pm | കുപ്പക്കയം-മണിക്കൽ | 3 | 6840 |
| 6 | 114/26.5.18 | 26.5.18 | 7am-7pm | കണയങ്കവയൽ-മണിക്കൽ | 4 | 8160 |
| 7 | 117/26.5.18 | 26.5.18 | 7am-7pm | അമലഗിരി-മണിക്കൽ | 3 | 6840 |

| | | | | | | |
|---|---|---|---|---|---|---|
| 8 | 118/26.5.18 | 26.5.18 | 7am-7pm | 1-ാം വാർഡ്-മണിക്കൽ | 7 | 9240 |

ഒരേ വാഹനത്തിന് ഒരു സമയം ഒന്നിലധികം സ്ഥലങ്ങളിൽ ഭൗതികമായി വർത്തിക്കുവാൻ കഴിയാത്തതിനാൽ ഓരോ ലോറിയുടെയും ഒരു തീയതിയിൽ നടത്തിയ ഒരു യാത്ര മാത്രം (ഉയർന്ന തുകകൾ)(ക്രമ നം.1, ക്രമ നം.8) അംഗീകരിക്കുന്നു. ക്രമ നം. 2 മുതൽ 7 വരെയുള്ള തുക ₹50,640/-(6840+10080+11880+6840+8160+6840) സാങ്കേതികമായി നിലനിൽപ്പില്ലാത്ത രേഖകളുടെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെട്ടതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

7.ഒന്നാം വാർഡിൽനിന്ന് 12 ലോഡ് മാലിന്യങ്ങൾ നീക്കം ചെയ്തതായാണ് ട്രിപ്പ് ഷീറ്റിലെ രേഖപ്പെടുത്തൽ. എന്നാൽ ചെറിയ തെരുവുപോലുമില്ലാത്ത തികച്ചും തോട്ടം മേഖലയായ ഒന്നാം വാർഡിൽ ഇത്ര ഭീമമായ അളവിൽ മാലിന്യം സംഭരിച്ചിരുന്നുവെന്നത് വിശ്വസനീയമല്ല.

8. മൂന്ന് ദിവസങ്ങളിലായി ആകെ 68 ലോഡ് മാലിന്യം നീക്കം ചെയ്തതായാണ് രേഖകളിൽ കാണുന്നത്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഡമ്പിംഗ് യാഡ് ഇല്ല. ശേഖരിച്ച മാലിന്യം മണിക്കൽ എസ്റ്റേറ്റിൽ എത്തിച്ചുവെന്നാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ ,പരിസ്ഥിതിക്ക് ദോഷം തട്ടാതെ (പ്രോജക്ടിന്റെ പേര് എന്റെ നാട് ശുചിത്വ നാട് എന്നതാണെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്). എപ്രകാരം അത് സംസ്കരിക്കപ്പെട്ടുവെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഇത്ര വലിയ അളവിലുള്ള മാലിന്യം (യഥാർത്ഥത്തിൽ നീക്കം ചെയ്തിട്ടുള്ളപക്ഷം) ശരിയായ രീതിയിൽ സംസ്കരിക്കാതെ നിക്ഷേപിക്കുന്നത് വായു-ജല-ഭൂ മലിനീകരണത്തിന് ഹേതുവാകുകയും പ്രോജക്ടിന്റെ ലക്ഷ്യം തന്നെ തമസ്കരിക്കുന്നതിന് ഇടവരുത്തുന്നതാണ്.

പ്രോജക്ട് നടത്തിപ്പിലെ മേൽ പ്രസ്താവിച്ച ക്രമക്കേടുകൾ മുൻനിറുത്തി, ഉപഖണ്ഡിക 6-ൽ നിരാകരിച്ച ₹50,640/- കിഴിച്ചുള്ള ചെലവ് തുകയായ ₹2,44,378/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ട് നിർവ്വഹണത്തിന്റെ നിജസ്ഥിതി വെളിവാകുന്നതിന് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019&13.06.2019 | കെ.എസ്.എ-ഐ.ഡി.കെ.3/520(36)/2019 |

| | | |
|---|---|---|
| | | തീയതി : 13.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 2836097 | ലൈഫ് ഭവനപദ്ധതി (പൊതു വിഭാഗം) | 2836097 | |
| അഴുത ബ്ലോക്ക്പഞ്ചായത്ത് | | 1880000 | ലൈഫ് ഭവന പദ്ധതി (എല്ലാ വിഭാഗവും) | 1880000 | - |

മുൻ വർഷങ്ങളിൽ ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ₹4,32,527/- നീക്കിയിരിപ്പുള്ളതായി കാണുന്നു.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി പെരുവന്താനം | പദ്ധതി നം. 196 കൊടികുത്തി – ഒ.എൽ.എച്ച് കോളനി വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | 237 11.03.2019 | 234082 (വികസന ഫണ്ട്) | 234082 | പദ്ധതി പൂർത്തീകരിച്ചു |
| | പദ്ധതി നം. 197 പാലൂർകാവ് ആശുപത്രി സമീപം 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കൽ | | 23173 (തനത്ഫണ്ട്) | 23173 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,71,04,446/- വരവുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും

വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ഉത്തരവ് പ്രകാരം അനുവദിച്ച വായ്പ തുക ₹ | ലഭിച്ച തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 688/2019/ ത.സ്വ.ഭ.വ തീ:22.03.2019 | ₹2,20,000x153 ഗുണഭോക്താക്കൾ ₹3,36,60,000 | 1710446 | - | - | - | 1710446 |

## 4-6 സ്ഥിര നിക്ഷേപം

– ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-2 | 2011-2012 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം | പരാമർശം തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം**

**– ഇല്ല –**

**ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം**

| ക്രമ നം. | വർഷം | ഖ. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | സ്വയം ഒടുക്കിയ തുക, രസീത് നം. തീയതി | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമാക്കിയ തുക | ഒടുക്കുവാൻ അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പർ/ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2003-2004 | 3-2 | കെ. ബാബു, സെക്രട്ടറി | എൽ.എഫ്. 2363/സ്പെ. സെൽ/എസ്. സി.2/07 തീ. 02.11.17 | 1114 | ₹1114/- 117020101568 തീ. 02.11.17 | | -- | -- | 1114 | 0 |
| 2 | 1997-1998 | 25 | പി. എസ്. സുരേന്ദ്രൻ | എൽ.എഫ്. 14612/സ്പെ. സെൽ/എസ്. സി.2/01 തീ. 16.09.02 | 1010 | അടവാക്കിയില്ല | | - | - | - | 1010 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,03,51,859 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹7,88,45,888 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹82,297 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4,33,378 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | |
| 3-1 | - | 15499 | ശ്രീ. ദിനേഷ് ഡി. കെ., അസി. എഞ്ചിനീയർ |
| 3-2 | - | 50640 | ശ്രീ. റ്റിജി തോമസ്, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| | | |
|---|---|---|
| 1-23 | 189000 | ഡോ. ജോസ് ഇ. ഫിലിപ്പ്, വെറ്ററിനറി സർജൻ |
| 3-2 | 244378 | ശ്രീ. റ്റിജി തോമസ്, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-25 | ₹16,158/- |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നം. | 1-14, 1-16, 1-17, 1-29 |

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ദിനേഷ് ഡി. കെ.<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി. വിഭാഗം<br>പെരുവന്താനം | ദിനേഷ് ഡി.<br>വാഴവിള വീട്<br>കുമ്മിൾ പി. ഒ.<br>കൊല്ലം ജില്ല |
| ശ്രീ. റ്റിജി തോമസ്, സെക്രട്ടറി | സെക്രട്ടറി<br>പെരുവന്താനം ഗ്രാമപഞ്ചായത്ത് | വടക്കേൽ വീട്<br>RPC P. O.<br>മുണ്ടക്കയം |
| ഡോ. ജോസ് ഇ. ഫിലിപ്പ് | വെറ്ററിനറി സർജൻ<br>പെരുവന്താനം ഗ്രാമപഞ്ചായത്ത് | എരുപ്പക്കാട് വീട്<br>പാറത്തോട് പി.ഒ.<br>വെളിച്ചിയാനി<br>കോട്ടയം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| | | എണ്ണം | നമ്പർ |
| 1997-1998 | എൽ.എഫ്.ഐ-6/703/99തീ.28.09.2000 | 1 | 25 |
| 1999-2000 | എൽ.എഫ്.ഐ-6/188/01തീ.12.07.2001 | 1 | 19(1) |
| 2001-2002 | എൽ.എഫ്.ഐ-6/701/03തീ. 03.07.2004 | 2 | 2-4,<br>3-3(ബി) |
| 2006-2007 | എൽ.എഫ്.ഐ-8/803/12തീ.01.08.2012 | 14 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-6 വരെ |
| 2007-2008 | എൽ.എഫ്.ഐ-8/474/15തീ.10.06.2015 | 13 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-6 വരെ |
| 2008-2009 | എൽ.എഫ്.ഐ-8/558/11തീ.09.01.2014 | 13 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-7 വരെ |
| 2009-2010 | കെ.എസ്.എ.-ഐ.ഡി.കെ.-8/948/16<br>തീ. 21.07.2016 | 7 | 2-1 മുതൽ 2-5 വരെ<br>3-1, 3-2 |
| 2010-2011<br>&<br>2011-2012 | എൽ.എഫ്.ഐ.-8/470/14<br>തീ.19.08.2014 | 15 | 2-1, 2-2, 2-3,<br>3-1 വരെ 3-4 വരെ |
| 2012-2013 | എൽ.എഫ്.ഐ-8/310/15തീ.07.07.2015 | 11 | 1, 2-1,<br>3-2 മുതൽ 3-10 വരെ |
| 2013-2014 | കെ.എസ്.എ.ഐ.ഡി.കെ-8/81/2016/<br>തീ.18.02.2016 | 7 | 2-1,<br>3-1 മുതൽ 3-6 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ-8/487/18<br>തീ.02.052018 | 6 | 2-1, 2-2<br>3-1 മുതൽ 3-4 വരെ |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ-8/1030/17 തീ.31.10.17 | 10 | 1-12, 2-1, 2-2,<br>3-2, 3-3, 3-4,<br>3-5, 3-6,3-9, 3-10 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ-8/360/17 തീ.22.06.17 | 19 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-14 വരെ |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-8/117/2018 തീ.02.03.2019 | 10 | 2-2,3-2,3-4, 3-6 മുതൽ 3-12 വരെ |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

**<u>കെ.എസ്.എ-ഐ.ഡി.കെ-8/838/2019</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
***ഇ-മെയിൽ : doidk.ksad@kerala.gov.in***
തീയതി. 15.10.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനd വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure – 2

**AUDIT CERTIFICATE**

No.KSA-IDK-8/838/2019

Office of the Senior Deputy Director
of Kerala State Audit Department
District Office, Idukki
Thodupuzha – 685 584
Phone : 04862-227332
*E-mail : doidk.ksad@kerala.gov.in*
Date. 15.10.2019

Certified that I have audited the Annual Financial Statement of **PERUVANTHANAM** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **PERUVANTHANAM** Grama Panchayat for the **2018-19**, except the observations in my Audit Report Properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**